പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 683 30/06/2016 -ൽ മറുപടിയ്ക്ക്

**ബിവറേജസ് ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റുകൾ മാറ്റി സ്ഥാപിക്കുവാനോ, നിർത്തലാക്കുവാനോ നടപടി സ്വീകരിക്കാറുണ്ടോ; | (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റേയും കൺസ്യൂമർഫെഡിന്റെയും കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റുകൾ അബ്കാരി നിയമത്തിൽ പറഞ്ഞിട്ടുള്ള ദൂരപരിധി നിയമം അനുസരിച്ച് വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും 200 മീറ്റർ അകലം പാലിച്ചാണ് സ്ഥിതിചെയ്യുന്നത്. |
| (ബി) വക്കം ഗ്രാമപഞ്ചായത്തിൽ നിലയ്ക്കാമുക്കിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കുവാനോ നിർത്തലാക്കുവാനോ നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;<br>(സി) അടിയന്തിരമായി പ്രസ്തുത ഔട്ട് ലെറ്റ് അവിടെ നിന്നും മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) & (സി) വക്കം ഗ്രാമപഞ്ചായത്തിലെ നിലയ്ക്കാമുക്ക് ഷോപ്പിൽ നിന്നും അബ്കാരി നിയമപ്രകാരമുള്ള ദൂരപരിധി യായ 200 മീറ്റർ അകലത്തിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ